# CENTRAL BOARD OF SECONDARY EDUCATION

## SAMPLE QUESTION PAPER FOR SSE - 2023-24

Std X — Maximum Marks : 80

TIME ALLOWED : 3 Hrs — ആകെ മാർക്ക് : 80

അനുവദിച്ച സമയം : 3 മണിക്കൂർ

## MALAYALAM (CODE - 012)

*The question paper is divided into two sections :*

| | | |
|---|---|---|
| *Section A :* | *Reading Comprehension (V.S.A.Q)* | |
| | *Vocabularuy Building & Prose & Poetry (M.C.Q)* | *: 40 Marks* |
| *Section B :* | *Grammar, Composition* | |
| | *Literature (Prose, Poetry & Supplementary)* | *: 40 Marks* |

**എ വിഭാഗം / Section : A**

**1. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം)** (8x1=8)

ഏകരാഷ്ട്രം എന്ന നിലയിൽ ഭാരതത്തെ വീക്ഷിക്കുന്ന ഒരുവന് ഏറ്റവും ശ്രദ്ധേയമായി തോന്നുന്ന വസ്തുത അതിൻറെ സാംസ്കാരിക ഐക്യമാണ്. ഭൂമിശാസ്ത്രപരമായ ഐക്യം പോലെ തന്നെ ഇത് ആദ്യനോട്ടത്തിൽ അത്ര വിശദമായെന്നു വരികയില്ല. ഭിന്നതയുടെ ലക്ഷണങ്ങൾ പ്രകടമായി കണ്ടെന്നും വരാം. പക്ഷേ അതാണ് ഇന്ത്യയുടെ യാഥാർഥ്യമെന്ന് വിചാരിക്കുന്നവർ തികച്ചും തെറ്റിദ്ധരിക്കുകയാണ് ചെയ്യുന്നതെന്നു തീർത്തുപറയാം. ബാഹ്യമായ വിഭിന്നതകൾക്കിടയിലൂടെയുള്ള ആന്തരൈക്യമാണ് ഭാരതീയ സംസ്കാരത്തിന്റെ പ്രധാന ലക്ഷണം. അത് പൊടുന്നനെ ഉണ്ടായ ഒരു പരിവർത്തനമല്ല. സഹസ്രാബ്ദങ്ങളുടെ ചരിത്രത്തിലൂടെ സംഭവിച്ച ഒരു പരിണാമമാണ്. ആ പരിണാമത്തിന്റെ സ്വഭാവം ഗ്രഹിക്കാത്തവർ ഭാരതസംസ്കാരത്തിന്റെ യാഥാർഥ്യം ഗ്രഹിച്ചു എന്നഭിമാനിക്കാതിരിക്കട്ടെ. കുറഞ്ഞത് നാലായിരത്തിൽപരം വർഷത്തെ പഴക്കമെങ്കിലും കല്പിക്കാം ഇന്നറിയപ്പെടുന്ന ഭാരതസംസ്കാരത്തിന്. ആ നീണ്ട കാലയളവിനിടയ്ക്ക് എന്തെല്ലാം സങ്കലനങ്ങളും സമാഹരണങ്ങളും പരിവർത്തനങ്ങളുമാണ് അതിനു രൂപം നൽകാൻ സഹായിച്ചിട്ടുള്ളതെന്ന് നിഷ്പ്രയാസം പറഞ്ഞൊതുക്കാൻ സാധ്യമല്ല. വിഭിന്ന ജനവർഗങ്ങളുടെയും അവരോടൊപ്പം വന്നുചേർന്ന വിവിധ ഭാഷകൾ, വിവിധ മതങ്ങൾ, ദർശനങ്ങൾ, ആചാരങ്ങൾ, വേഷക്രമങ്ങൾ എന്നിവയുടെയും സുദീർഘവും ശബളാഭവുമായ ഒരു ഘോഷയാത്ര തന്നെയായിരുന്നു ആ സാംസ്കാരിക പ്രതിഭാസമെന്നു പറയാം. ക്രിസ്തുവിനു മുമ്പ് രണ്ടായിരം സംവത്സരങ്ങൾക്കു മുമ്പായിരിക്കണം ആര്യന്മാർ സിന്ധുനദീതടത്തിൽ വന്നത്. അവർ വന്നത് ഒരു നിർജ്ജനമായ ശൂന്യപ്രദേശത്തോ അപരിഷ്കൃത ജനസമൂഹമദ്ധ്യത്തിലേക്കോ അല്ലതാനും. ക്രിസ്തുവിനു മുമ്പ് മൂവായിരം വർഷത്തെ പുരാതനത്വം കല്പിക്കാവുന്ന ഹാരപ്പയിലെയും മോഹൻജദാരോയിലെയും ഖനനങ്ങൾ ആര്യന്മാർക്കു മുമ്പ് സിന്ധുനദീതടം പരിഷ്കാരത്തിന്റെ പല പടികളും തരണംചെയ്ത ഒരു വർഗ്ഗക്കാരാൽ അധിവസിതമായിരുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്.

**ചോദ്യങ്ങൾ**

1 (a). ഭാരതീയ സംസ്കാരത്തിന്റെ പ്രധാന ലക്ഷണം എന്താണ്?

1 (b). ഹാരപ്പയിലെയും മോഹൻജദാരോയിലെയും ഖനനങ്ങൾക്ക് പഴക്കമെത്ര?

1 (c). 'മാറ്റം' എന്ന അർത്ഥത്തിൽ ഖണ്ഡികയിൽ പ്രയോഗിച്ചിട്ടുള്ള രണ്ട് പദങ്ങൾ കണ്ടെത്തി എഴുതുക.

1 (d). ഇന്നറിയപ്പെടുന്ന ഭാരതിയ സംസ്കാരത്തിന് എത്ര പഴക്കം കല്പിക്കാം?

1 (e). ഏകരാഷ്ട്രമെന്ന നിലയിൽ ഭാരതത്തെ വീക്ഷിക്കുന്നവർക്ക് ശ്രദ്ധേയമാതെന്ത്?

1 (f). എന്തിന്റെയൊക്കെ ഘോഷയാത്രയായിരുന്നു ആ സാംസ്കാരിക പ്രതിഭാസം?

1 (g). ഏകരാഷ്ട്രമെന്ന നിലയിൽ ഭാരതത്തെ വീക്ഷിക്കുന്നവർക്ക് ആദ്യനോട്ടത്തിൽ വിശദമാകാത്തത് എന്തൊക്കെയാണ്?

1 (h). ഹാരപ്പയിലെയും മോഹൻജദാരോയിലെയും ഖനനങ്ങൾ വ്യക്തമാക്കുന്നതെന്ത്?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം)** (7x1=7)

ഗ്രാമീണകലകളുടെയും ഗാനങ്ങളുടെയും അതിമഹത്തായ ഒരു പൈതൃകത്തിന് ഉടമകളാണ് കേരളജനത. ഈ അമൂല്യസമ്പത്തുക്കൾ തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകർന്നു കൊടുക്കുന്ന പ്രക്രിയ അനുസ്യൂതം തുടർന്നു കൊണ്ടേയിരുന്നപ്പോൾ അവയിൽ ചിലത് ചോർന്നു പോകാൻ ഇടയായിട്ടുണ്ടെങ്കിലും ഇന്നും ആ ഭണ്ഡാഗാരങ്ങൾ തികച്ചും സമ്പന്നമാണ്. ആധുനിക സംസ്കാരത്തിന്റെ പരിവേഷത്തിൽ പഴമയുടെ സംഭാവനകൾ തിളക്കം കുറഞ്ഞ സ്വർണ്ണനാണയങ്ങളായി മാറിയിട്ടുണ്ട്. പക്ഷേ അവയുടെ അനഘതയ്ക്കും അനർഘതയ്ക്കും യാതൊരു മൂല്യശോഷണവും സംഭവിച്ചിട്ടില്ല. തേച്ചുമിനുക്കലിലൂടെ അവയുടെ സ്വാഭാവികപ്രഭ വീണ്ടെടുക്കാനുള്ള ഒരു സംഘടിതപരിശ്രമം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് കാണുന്നത് ശുഭസൂചകമാണ്. പ്രാചീനകല സാമൂഹികവ്യവസ്ഥിതിയുടെ സംഭാവനകളാണ് മിക്ക നാടൻകലകളും. സുഖലോലുപജീവിതം നയിക്കുന്നവർ, അദ്ധ്വാനത്തിന്റെ വിയർപ്പു നീർ കുടിക്കുന്നവർ എന്നിങ്ങനെ സമൂഹം രണ്ടുചേരിയായി വേർതിരിഞ്ഞു നിന്നപ്പോഴാണ് പല നാടൻകലകളും രൂപംപ്രാപിച്ചിട്ടുള്ളതെന്ന് കാണാം. ജാതിയുടെ അടിസ്ഥാനത്തിൽ തൊഴിലുകൾ വിഭജിച്ചിരുന്ന നാടുവാഴിത്ത സമ്പ്രദായം നിലനിന്നിരുന്ന കാലഘട്ടത്തിൽ കേരളത്തിലെ ഗ്രാമാന്തരങ്ങളിൽ വേരുപിടിച്ച എല്ലാ കലാരൂപങ്ങളിലും അന്നത്തെ സമൂഹത്തിന്റെ ഹൃദയത്തുടിപ്പുകൾ കേൾക്കാൻ കഴിയും. ആടലും പാടലും സ്വായത്തമാക്കിയ പ്രാചീനമനുഷ്യൻ ഗാനത്തെയും നൃത്തത്തെയും പരസ്പരം ബന്ധിപ്പിക്കുകയാണാദ്യം ചെയ്തത്. നൃത്തഗാനങ്ങളുടെ സമ്മേളനം കായികാദ്ധ്വാനത്തിന്റെ ക്ഷീണത്തെ ലഘൂകരിക്കുകയും വിശ്രമവേളകൾ കൂടുതൽ ഉല്ലാസപ്രദമാക്കുകയും ചെയ്തു.

**ചോദ്യങ്ങൾ**

2 (a). ആധുനികസംസ്കാരത്തിന്റെ പരിവേഷത്തിൽ പഴമയുടെ സംഭാവനകൾക്ക് സംഭവിക്കാതിരുന്നതെന്ത്?

2 (b). മിക്ക നാടൻകലകളും എന്തിന്റെ സംഭാവനകളാണ്?

2 (c). നൃത്തഗാനങ്ങളുടെ സമ്മേളനം എന്ത് പരിവർത്തനമാണ് സമ്മാനിച്ചത്?

2 (d). ഗാനത്തെയും നൃത്തത്തെയും പരസ്പരം ബന്ധിപ്പിച്ചതാരാണ്?

2 (e). സമൂഹം എങ്ങനെ വേർതിരിഞ്ഞു നിന്നപ്പോഴാണ് പല നാടൻകലകളും രൂപം പ്രാപിച്ചത്?

2 (f). ഈ അമൂല്യസമ്പത്തുക്കളിൽ ചിലത് ചോർന്നുപോകാനിടയായതെപ്പോൾ?

2 (g). കേരളത്തിലെ ഗ്രാമാന്തരങ്ങളിൽ വേരുപിടിച്ച കലാരൂപങ്ങളിൽ കേൾക്കാൻ കഴിയുന്നതെന്ത്?

**3. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** (7x1=7)

3.(a) 'ചോറ്' എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ്?

(a) അരി (b) തലച്ചോറ്

(c) ഭുക്തം (d) അന്ധസ്സ്

3.(b) 'പ്രാണി' എന്ന പദത്തിന്റെ എതിർലിംഗം ഏത്?

(a) പ്രാണൻ (b) പ്രാണിനി

(c) പ്രണയി (d) പ്രണയിനി

3.(c) 'പരിമിതി' എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിലേതാണ്?

(a) അളവ് (b) പരിചയം

(c) കുറവ് (d) അളക്കപ്പെട്ടത്

3.(d) 'അതിഥി - അദിതി' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?

(a) വിരുന്നുകാരൻ - ദേവമാതാവ് (b) അസുരൻ - ദേവൻ

(c) വിരുന്നുകാരൻ - വിരുന്നുകാരി (d) ആദിത്യൻ - ആദിത്യപത്നി

3.(e) 'ആകാശഗോപുരം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത്?

(a) ആകാശമാകുന്ന ഗോപുരം (b) ആകാശത്തെ ഗോപുരം

(c) ആകാശം മുട്ടുന്ന ഗോപുരം (d) ആകാശത്തിന്റെ ഗോപുരം

3.(f) 'പക്ഷം' എന്ന പദത്തിന്റെ നാനാർത്ഥമല്ലാത്തത് ഇവയിൽ ഏതാണ്?

(a) വാദം (b) ചിറക്

(c) അവയവം (d) പക്ഷി

3.(g) 'വേരോടെ മുറിയ്ക്കുക' — എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ്?

(a) മൂലച്ഛേദം (b) മൂലോച്ഛേദം

(c) മൂലാച്ഛേദം (d) ഛേദമൂലം

3.(h) 'ബ്രാഹ്മണോഹം' എന്നതിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത്?

(a) ബ്രാഹ് + മണോഹം (b) ബ്രാഹ്മണഃ + അഹം

(c) ബ്രാഹ്മണോ + അഹം (d) ബ്രാഹ്മണഃ + ഓഹം

3.(i) 'അഭിമുഖം' എന്ന പദത്തിന്റെ വിപരീതപദം ഏതാണ്?

(a) ഉന്മുഖം (b) അധോമുഖം

(c) ദുർമുഖം (d) വിമുഖം

3.(j) തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

(a) സംസാരബന്ദനം (b) സംസാരബന്ധനം

(c) സംസാരബന്തനം (d) സംസാരബദ്ധനം

**4. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുക്കുക. ഓരോന്നിനും 2 മാർക്കു വീതം** (9x2=18)

4.(a)(i) മായാമയവും പരിണാമിയുമായി എഴുത്തച്ഛൻ വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

(a) ആത്മാവിനെ (b) വികാരത്തെ

(c) ദേഹത്തെ (d) ദേഹിയെ

(ii) ദേഹത്തിനു നാശം വരുത്തുന്നതിനായി എഴുത്തച്ഛൻ പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഉൾപ്പെടാത്തത് ഇവയിൽ ഏതാണ്?

(a) ജന്തുക്കൾ ഭക്ഷിച്ച് (b) മണ്ണിൽ കൃമികളായി മാറി

(c) പഞ്ചഭൂതങ്ങളായി മാറി (d) വെന്തുവെണ്ണീറായി

4.(b) "ദിഷ്ടമീവടിവിയന്നുവന്നപോൽ"—

(i) ഈ വരികളിൽ 'ദിഷ്ടം' വടിവിയന്നതായി വിശേഷിപ്പിച്ചതാരെ?

(a) നളിനിയെ (b) ദിവാകരനെ

(c) പനിനീർപ്പൂവിനെ (d) സൂര്യനെ

(ii) 'ദിഷ്ടം' എന്ന പദത്തിന്റെ അർത്ഥമെന്താണ്?

(a) വിധി (b) ഭാഗ്യം

(c) നിർഭാഗ്യം (d) ആകൃതി

4.(c) "ഞങ്ങടെ കൊച്ചുകിനാവുകൾതേടിയലഞ്ഞു"
മലർക്കളമെഴുതിക്കാത്തോരരചനെ'—

(i) ആരെയാണിവിടെ 'കൊച്ചുകിനാവുകൾ' എന്ന് വിശേഷിപ്പിക്കുന്നത്?

(a) കുരവയിടുന്ന കന്യകമാരെ (b) പൂക്കൾ തേടുന്ന കുട്ടികളെ

(c) ആർപ്പുവിളിക്കുന്ന ഉണ്ണികളെ (d) ഓണക്കോടിയുടുത്ത ഉഷസ്സിനെ

(ii) അവർ എന്തിനുവേണ്ടിയാണ് തേടിയലഞ്ഞത്?

(a) മഹാബലിയെ വരവേൽക്കാൻ (b) ഓണപ്പാട്ടുകൾ പാടാൻ

(c) ദീപക്കുറ്റികൾ നാട്ടാൻ (d) മലർക്കളത്തിന് പൂവിനായി

4.(d) "ഒന്നെന്നെക്കൊണ്ടുപോയീടേണമെന്നുള്ള ശല്യപ്പെടുത്തൽ"

(i) ആരാണ് ശല്യപ്പെടുത്തുന്നത്?

(a) ഭാര്യ (b) അമ്മ

(c) സഹോദരി (d) മകൾ

(ii) എവിടെ കൊണ്ടുപോകണമെന്നാണാവശ്യം?

(a) ആശുപത്രിയിൽ (b) തെരുവിൽ

(c) മാളിൽ (d) കോവിലിൽ

4.(e) "തിരികൾ തെറുത്തുകൊളുത്താനുറ്റ
മുഹൂർത്തം കാത്തു കുഴഞ്ഞുമടങ്ങിയ കരവിരലോടെ...."

(i) ആരാണിവിടെ കാത്തിരിക്കുന്നത്?

(a) തുമ്പ (b) മുക്കുറ്റി

(c) നെയ്യാമ്പൽ (d) ഉഷസ്സ്

(ii) ആരെയാണ് കാത്തിരിക്കുന്നത്?

(a) പുള്ളുവനെ (b) കവിയെ

(c) മഹാബലിയെ (d) പരിഷ്കാരികളെ

4.(f) "അകലെ സൂര്യൻ താഴുന്നു. ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നു."

(i) ആരാണ് ഇങ്ങനെ ഒരു കാഴ്ച കാണുന്നത്?

(a) തയ്യൽക്കാരൻ ചാക്കുണ്ണി (b) ദുര്യോധനൻ

(c) വെള്ളായിയപ്പൻ (d) വെള്ളായിയപ്പനും മകനും

(ii) എവിടെവെച്ചാണ് ഈ കാഴ്ച കാണുന്നത്?

(a) മുണ്ടകപ്പാടത്തിന്റെ വരമ്പിൽ നിന്ന്

(b) വരമ്പിലൂടെ റേഡിയോ കേട്ട് നടക്കുമ്പോൾ

(c) റെയിൽവേസ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ ഇരിക്കുമ്പോൾ

(d) മുറിവേറ്റു മരിക്കാറായിക്കിടക്കുമ്പോൾ

4.(g) ''ഇടകൈകൊണ്ട് ഒരു പുൽക്കൊടിയെടുത്ത് ദിവ്യാസ്ത്രം ആപാദിപ്പിച്ച് 'അപാണ്ഡവായ' എന്ന് പറഞ്ഞുവിട്ടു"

(i) പുൽക്കൊടിയിൽ ആപാദിപ്പിച്ചത് ഏത് ദിവ്യാസ്ത്രമാണ്?

(a) ബ്രഹ്മശിരസ്സ് (b) പാശുപതാസ്ത്രം

(c) വരുണാസ്ത്രം (d) ആഗ്നേയാസ്ത്രം

(ii) ആരാണ് പുൽക്കൊടിയിൽ അസ്ത്രം ആപാദിപ്പിച്ചത്?

(a) അർജുനൻ (b) ദ്രോണാചാര്യർ

(c) അശ്വത്ഥാമാവ് (d) വ്യാസഭഗവാൻ

4.(h) "ചെമ്പുമത്തായിയുടെ അടുക്കൽ റേഡിയോ പണയം വെയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു"

(i) താഴെപ്പറയുന്ന ഏതുകാരണത്താലാണ് ചാക്കുണ്ണിയുടെ ഉള്ളിൽ തീയായത്?

(a) ചാക്കുണ്ണി വെയിലത്ത് നടന്നു വന്നതിനാൽ

(b) ചാക്കുണ്ണിയുടെ മകന്റെ രോഗത്തെപ്പറ്റി ചിന്തിച്ചിട്ട്

(c) ചെമ്പുമത്തായിയെ വിശ്വാസമില്ലാഞ്ഞിട്ട്

(d) ജീവിതത്തിന്റെ ഭാഗമായി മാറിയ റേഡിയോ കൈവിട്ടുപോകുന്നതിലെ ദുഃഖം

(ii) തന്നിരിക്കുന്നവയിൽ ഏതുകാരണം കൊണ്ടാണ് ചാക്കുണ്ണി റേഡിയോ പണയം വെയ്ക്കുന്നത്?

(a) മകനെ ചികിത്സിക്കാൻ കയ്യിൽ പണമില്ലാത്തതുകൊണ്ട്

(b) സ്വർണ്ണം പണയം വെക്കാൻ ഭാര്യ സമ്മതിക്കാത്തതുകൊണ്ട്

(c) ചെമ്പുമത്തായിക്ക് റേഡിയോ വളരെ ഇഷ്ടമായതുകൊണ്ട്

(d) റേഡിയോ കയ്യിലിരുന്നാൽ ജോലിയൊന്നും നടക്കാത്തതുകൊണ്ട്

4.(i) "രണ്ടുമൂന്നാളുകളുണ്ടെങ്കിലും പിന്നി-
ലുണ്ട് ഒഴിവുകനത്തൊരിരുളിടം"

(i) ഇവിടെ പരാമർശിക്കുന്ന ഇരുളിടം എവിടെയായിരുന്നു?

(a) ജില്ലാശുപത്രിക്കരികിൽ (b) കോവിലിന് പുറത്തായി

(c) മാളിന് പിൻഭാഗത്തായി (d) വിദ്യാലയ മുറ്റത്ത്

(ii) ഇരുളിടം അന്വേഷിച്ചു പോയതെന്തിനായിരുന്നു?

(a) മോഷണം നടത്താൻ വേണ്ടി

(b) വെളിച്ചം ഇഷ്ടമല്ലാത്തതിനാൽ

(c) തന്റെ പ്രവൃത്തി മറ്റാരും കാണാതിരിക്കാൻ

(d) ആരും കാണാതെ ഒളിച്ചിരിക്കാൻ വേണ്ടി

4.(j) ആറാട്ടുകുന്നിൽ റേഡിയോയെ ഭയക്കുന്ന അപൂർവ്വം ചിലരായിരുന്നു അവരെല്ലാം?

(i) ആരെക്കുറിച്ചാണ് ഈ പരമാർശം?

(a) ചെമ്പുമത്തായിയും വീട്ടുകാരും

(b) തുന്നിയ തുണി തിരികെ വാങ്ങാത്തവർ

(c) ചാക്കുണ്ണിക്ക് മുൻകൂറായി തയ്യൽക്കൂലി കൊടുക്കാത്തവർ

(d) തുന്നിത്തീർന്നതിന്റെ കാശുകൊടുക്കാത്ത ആളുകൾ

(ii) ആളുകളുടെ ഏത് അവസ്ഥയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്?

(a) ഭയം (b) ദാരിദ്ര്യം

(c) പിശുക്ക് (d) ദയാരാഹിത്യം

**ബി വിഭാഗം / Section : B**

**5.5.**(a) **അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക** (2x1=2)

(i) അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി എതിരേ വന്ന നീലി വഴിമാറിനിന്നു.

(ii) പലപ്പോഴും ആ കുടുസ്സുമുറിയിലേക്കു കാറ്റും വെളിച്ചവും കടക്കുന്നതിനായി ആളുകളോട് മാറിനിൽക്കാൻ ചാക്കുണ്ണിക്കു പറയേണ്ടി വന്നു.

**5.**(b) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** (2x1=2)

(i) എല്ലാക്കൊല്ലവും ആണ്ടിലൊരിക്കൽ മലയാറ്റൂർക്ക് പോകാറുള്ളത് അയാൾ അക്കൊല്ലം മുടക്കംവരുത്തി.

(ii) നീ കാപുരുഷനും കുട്ടികളെ കൊലചെയ്തവനും ബാലജീവിതഘാതിയുമാണെന്ന് ബുദ്ധിമാന്മാരെല്ലാം അറിഞ്ഞുകഴിഞ്ഞു.

**5.**(c) **പ്രയോഗം മാറ്റുക** (2x1=2)

(i) അവർ പകച്ചുപായുന്ന ആനകളാൽ ചവിട്ടി അരയ്ക്കപ്പെട്ടു.

(ii) ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു.

**5.**(d) **ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തംവാക്യത്തിൽ പ്രയോഗിക്കുക** (2x1=2)

(i) താൽപര്യരഹിതം (ii) വിരുദ്ധാർത്ഥം (iii) കണ്ഠശുദ്ധി വരുത്തുക

**6.**(a) **താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** (5)

ഗ്രന്ഥശാല എന്ന സർവ്വകലാശാല

OR

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ

**6.**(b) നിത്യോപയോഗ സാധനങ്ങളുടെ അമിതമായ വിലവർദ്ധന കുടുംബ ബജറ്റിന്റെ താളം തെറ്റിക്കുന്നതിനെപ്പറ്റി ഒരു വീട്ടമ്മ എന്ന നിലയിൽ സംസ്ഥാന മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. (5)

**6.**(c) കാടുവിട്ട് നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ കാരണം ജനങ്ങളനുഭവിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു പത്രവാർത്ത തയ്യാറാക്കുക. (4)

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്കു വീതം)** (2x3=6)

**7.**(a) 'ശപിക്കപ്പെട്ടവൻ' എന്ന വാക്ക് മുഴുവൻ അർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്'' -- ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

**7.**(b)''പൊതിച്ചോറ് ബലിച്ചോറായി മാറുന്നതിന്റെ കഥയാണ് 'കടൽത്തീരത്ത്''. കഥയിലുടനീളം പ്രമുഖസ്ഥാനം വഹിക്കുന്ന പൊതിച്ചോറിനെ വിലയിരുത്തിക്കൊണ്ട് ഈ അഭിപ്രായത്തെ സമർത്ഥിക്കുക.

**7.**(c)"ഈ റേഡിയോം പാട്ടുക്കെ ഇനിക്കത്ര പിട്ത്തല്ല്യാ. മന്ഷ്യരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള്! ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം". ചെമ്പുമത്തായിയുടെ ഈ അഭിപ്രായത്തോട് നിങ്ങൾക്ക് യോജിക്കാനാവുമോ? ചർച്ച ചെയ്യുക.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്കു വീതം)** (2x3=6)

**8.**(a)"ഏറെത്തണുക്കുന്നു ചില്ലുയർത്തീടുമ്പോ-
ളോർത്തു കരിമ്പടം, അമ്മവയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്
കാച്ചെണ്ണ ചേരുന്ന ഗന്ധം പുലർച്ചയി-
ലോലക്കൊടികൾ കരിയുന്നതിൻ മണം." അമ്മത്തൊട്ടിൽ എന്ന കവിതയിലെ മകന്റെ മാനസിക സംഘർഷങ്ങൾക്ക് കാരണമാകുന്നത് ഇത്തരം ഓർമ്മകളാണോ? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

**8.**(b)"ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം"-
സന്ദർഭം വിവരിച്ച് ഭാവശാലികളാരെന്നും സുഖോദയം വികലമായത് എങ്ങനെയെന്നും വിശദമാക്കുക.

**8.**(c)ഓണം പോലെയുള്ള പഴമയുടെ ആഘോഷങ്ങളെ പുതിയ തലമുറ വേണ്ട പോലെ ഉൾക്കൊള്ളുന്നില്ല എന്ന് 'ഓണമുറ്റത്ത്' എന്ന കവിതയിലൂടെ കവി അവതരിപ്പിക്കുന്നതെങ്ങനെ?

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്കു വീതം)** (2x3=6)

**9.**(a)സുബ്ബജടാപാഠികളുമൊത്തുള്ള സഹവാസം കുഞ്ഞൻപിള്ളയുടെ ജീവിതത്തിലെ വഴിത്തിരിവാണെന്ന് പറയുന്നതെന്തുകൊണ്ട്?

**9.**(b)ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും അയ്യാവുസ്വാമികളുമായുള്ള ബന്ധം ഉപേക്ഷിക്കാനുള്ള കാരണമെന്ത്?

**9.**(c) ചട്ടമ്പിസ്വാമികൾക്ക് 'വിദ്യാധിരാജൻ' എന്ന വിശേഷണം ലഭിച്ചതെങ്ങനെ?